"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദ സഞ്ചാര വകുപ്പ് - ജീവനക്കാര്യം - മലമ്പുഴ ഗവൺമെന്റ് ഗസ്റ്റ് ഹൗസ് -സ്വീപ്പർ കം സാനിറ്റേഷൻ തസ്തിക- ശ്രീമതി. രാധ കെ. യെ നിയമിച്ച നടപടി - സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദ സഞ്ചാര (എ) വകുപ്പ്**

സ.ഉ.(സാധാ) നം.153/2024/TSM തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:- വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ 05.09.2023 ലെ DOT/12381/2023-E5 നമ്പർ കത്ത്

**ഉത്തരവ്**

വിനോദ സഞ്ചാര വകുപ്പിനു കീഴിലുള്ള മലമ്പുഴ ഗവൺമെന്റ് ഗസ്റ്റ് ഹൗസിലെ സ്വീപ്പർ കം സാനിറ്റേഷൻ തസ്തികയിലെ സ്ഥിര ജീവനക്കാരിയായിരുന്ന ശ്രീമതി. ദേവി. റ്റി വിരമിച്ച ഒഴിവിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ശ്രീമതി. രാധ കെ. യെ 30.11.2022 ൽ വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ പിരിച്ചുവിടുകയും തൽസ്ഥാനത്ത് പുതിയ ദിവസ വേതനക്കാരെ (ശ്രീ. അശോകൻ. എസ്, ശ്രീമതി. രാധിക. ആർ) 90 ദിവസത്തേക്ക് നിയമിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ജീവനക്കാരുടെ നിയമന കാലാവധി അവസാനിച്ചപ്പോൾ ശ്രീമതി. രാധ കെ. യെ 01.06.2023 മുതൽ 06.08.2023 വരെ നിയമിക്കുകയും , പ്രസ്തുത തസ്തികയിൽ സ്ഥിരജീവനക്കാരി 07.08.2023 പൂർവാഹ്നത്തിൽ സേവനത്തിൽ പ്രവേശിച്ചതായും ഡയറക്ടർ പരാമർശ കത്ത് പ്രകാരം അറിയിച്ചിരുന്നു.

2. നിരവധി വ്യക്തികൾ സന്ദർശിക്കുന്ന മലമ്പുഴ ഗസ്റ്റ് ഹൗസിൽ സ്വീപ്പർ കം സാനിറ്റേഷൻ വർക്കർ തസ്തികയിലെ സേവനം അനിവാര്യമാണെന്നതിനാൽ ടി ഒഴിവിൽ ശ്രീമതി. രാധ കെ. യെ നിയമിച്ച നടപടിക്ക് സാധൂകരണം നൽകണമെന്ന് വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലമ്പുഴ ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ സ്വീപ്പർ കം സാനിറ്റേഷൻ തസ്തികയിലെ ജീവനക്കാരന്റെ സേവനം

അനിവാര്യമായതിനാലും **07.08.023** മുതൽ സ്ഥിരജീവനക്കാരി സേവനത്തിൽ പ്രവേശിച്ചതിനെത്തുടർന്ന് ശ്രീമതി. രാധ കെ. യുടെ സേവനം അവസാനിപ്പിച്ചതിനാലും **01.06.2023** മുതൽ **06.08.2023** വരെ മലമ്പുഴ ഗസ്റ്റ് ഹൗസിൽ സ്വീപ്പർ കം സാനിറ്റേഷൻ തസ്തികയിൽ ശ്രീമതി. രാധ കെ. യെ നിയമിച്ച വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര ഡയറക്ടറേറ്റ്, തിരുവനന്തപുരം
ശ്രീമതി. രാധ കെ (വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II) കേരള, തിരുവനന്തപുരം
ധനകാര്യ (വ്യയം ബി) വകുപ്പ് [02.03.2024 ലെ 2626662/വ്യയം-ബി2/466/2023-ധന. നമ്പർ റിമാർക്സ് പ്രകാരം]
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ടൂർ-എ1/292/2023-ടൂർ)

ഉത്തരവിൻ പ്രകാരം
Signed by Archana T
Date: 16-03-2024 10:41:38
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി എ യ്ക്ക്